# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1816 | 16.06.2014-ൽ മറുപടിയ്ക്ക്

### മണിലെൻഡേഴ്സ് ആക്ട് പ്രകാരം നടപടി

**ചോദ്യം**

ശ്രീ.എളമരം കരീം
ശ്രീ.സി.കെ.സദാശിവൻ
ശ്രീ.കെ.വി.വിജയദാസ്
ശ്രീ.പുരുഷൻ കടലുണ്ടി

(എ) ബ്ലേഡ് കമ്പനിയും ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളും വായ്പ എടുക്കുന്നവരെ ചൂഷണം ചെയ്യുന്നത് തടയാൻ മണി ലെൻഡേഴ്സ് ആക്ട് പ്രകാരം സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) അമിത പലിശ ഈടാക്കുന്നവർക്കെതിരെ നിയമാനുസൃതം സ്വീകരിക്കാവുന്ന നടപടികളെല്ലാം സ്വീകരിച്ചിട്ടുണ്ടോ; നിയമവിരുദ്ധമായി പ്രവർത്തിച്ച എത്ര ലൈസൻസികൾക്കെതിരെ ഇതിനകം നടപടി സ്വീകരിച്ചിട്ടുണ്ട്; റിസർവ്വ് ബാങ്ക് ലൈസൻസില്ലാതെ എത്ര സ്ഥാപനങ്ങൾ വായ്പായിടപാടുകൾ നടത്തുന്നുണ്ടെന്നുള്ള കണക്കുകൾ ലഭ്യമാണോ;

(സി) ബ്ലേഡ് മാഫിയകൾക്ക് തഴച്ച് വളരാനുള്ള സാഹചര്യം ഏതെല്ലാം നിലയിലാണ് സൃഷ്ടിക്കപ്പെട്ടതെന്ന് പരിശോധിച്ചിട്ടുണ്ടോ; സർക്കാർ സംവിധാനങ്ങളുടെ പോരായ്മ ഈ അവസ്ഥയ്ക്ക് കാരണമായിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ?

**ഉത്തരം**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി)

(എ) ബ്ലേഡ് കമ്പനിയും ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളും വായ്പ എടുക്കുന്നവരെ ചൂഷണം ചെയ്യുന്നത് തടയുന്നതിനായി ടി സ്ഥാപനങ്ങളിൽ നിയമാനുസരണം റെയിഡുകൾ നടത്തി സെർച്ച് മെമ്മോറാണ്ടം തയ്യാറാക്കി ആവശ്യമായ തെളിവുകൾ ശേഖരിച്ച ശേഷം മണി ലെൻഡേഴ്സ് ആക്ട് പ്രകാരം നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) അമിത പലിശ ഈടാക്കുന്ന ധനകാര്യ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും എതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനോടകം 41 സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റിസർവ്വ് ബാങ്ക് ലൈസൻസില്ലാത്ത എത്ര സ്ഥാപനങ്ങൾ വായ്പായിടപാടുകൾ നടത്തുന്നുണ്ടെന്നുള്ള വിവരം ലഭ്യമല്ല.

(സി) സാധാരണക്കാരായ ജനങ്ങൾക്ക് ബാങ്കുകളിൽ നിന്ന് നയമാനുസൃതം വായ്പ ലഭിക്കുന്നതിനുള്ള കാലതാമസമാണ് ബ്ലേഡ് മാഫിയ തഴച്ച് വളരാനുള്ള സാഹചര്യം സൃഷ്ടിക്കപ്പെട്ടത്. സർക്കാർ സംവിധാനങ്ങളുടെ പോരായ്മ ഈ അവസ്ഥയ്ക്ക് കാരണമായിട്ടില്ല.

സെക്ഷൻ ഓഫീസർ